**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6050** **09-07-2024 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായ മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം കശുവണ്ടി വ്യവസായ മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കശുവണ്ടി വ്യവസായ മേഖലയിൽ മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി ഈ സർക്കാർ വന്ന ശേഷം പൊതു-സ്വകാര്യ കശുവണ്ടി മേഖലയുടെ വികസനത്തിന് വിവിധ പ്രവർത്തനങ്ങൾ നടത്തുകയും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ 30 കശുവണ്ടി ഫാക്ടറികളും അപ്പെക്സ് സൊസൈറ്റിയായ കാപ്പക്സിന്റെ 10 ഫാക്ടറികളും നിലവിൽ തുടർച്ചയായി പ്രവർത്തിച്ചു വരുന്നു.<br><br>കാഷ്യൂ കോർപ്പറേഷനിൽ നിന്ന് വിരമിച്ച 2021 വരെയുള്ള തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് 20 കോടി രൂപയും 2021-22, 2022-23, 2023-24 വർഷങ്ങളിൽ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനുമായി 5.45 കോടി രൂപയും 2021-22, 2022-23, 2023-24 വർഷങ്ങളിൽ ബ്രാൻഡ് ബിൽഡിംഗിനായി 1.76 കോടി രൂപയും സർക്കാർ കോർപ്പറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനുമായി 1.55 കോടി രൂപയും ബ്രാൻഡ് ബിൽഡിംഗിനായി 1.50 കോടി രൂപയും 2024-25വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>നിലവിലുള്ള പ്രോസസിംഗ് സംവിധാനത്തിന് സമാന്തരമായി കാഷ്യൂ കോർപ്പറേഷന്റെ തെരഞ്ഞെടുത്ത 4 ഫാക്ടറികളിൽ Fully mechanized processing ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പ്രോസ്സസിംഗ് വിഭാഗത്തിൽ വരുന്ന ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ |

പുതുതായി 535 തൊഴിലാളികളെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നിയമിച്ചിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷന്റെ വാല്യൂ അഡിഷൻ യൂണിറ്റിൽ നിർമ്മിക്കുന്ന വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വിപണനം ആഭ്യന്തര വിപണിയിൽ വർദ്ധിപ്പിക്കുന്നതിനായി വിപണന ശൃംഖല വിവിധ ഏജൻസികൾ വഴി സംസ്ഥാനത്തുടനീളം വ്യാപിപ്പിച്ചിട്ടുണ്ട്. 2024-ൽ ഇതുവരെ 55 തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് കാഷ്യൂ കോർപ്പറേഷൻ നൽകിയിട്ടുണ്ട്.

കാപ്പക്സിന് 2021–22 സാമ്പത്തിക വർഷം അനുവദിച്ച 957 ലക്ഷം രൂപ ഉപയോഗിച്ച് തൊഴിലാളികൾക്ക് 2020 വരെയുള്ള ഗ്രാറ്റുവിറ്റി വിതരണം ചെയ്തു. ആധുനികവൽക്കരണം, ബ്രാന്റ് വികസനം എന്നിവയ്ക്കായി 2022-23 സാമ്പത്തിക വർഷം 146.50 ലക്ഷം രൂപയും 2023-24 വർഷം 76.86 ലക്ഷം രൂപയും കാപ്പക്സിന് നൽകി. പ്രസ്തുത തുക വിനിയോഗിച്ച് ഇലക്ട്രിക് ബോർമ്മ, വിവിധ സിവിൽ വർക്കുകൾ, കട്ടിംഗ് മെഷീനുകൾ, പീലിംഗ്, ഗ്രേഡിംഗ് മേശകൾ, റോസ്റ്റിംഗ് മെഷീൻ, കമ്പ്യൂട്ടറുകൾ എന്നിവ സ്ഥാപിക്കുകയും ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. 2024-25 വർഷത്തേക്ക് പദ്ധതി തുകയായി ആധുനികവൽക്കരണത്തിന് 250 ലക്ഷത്തിനും, ബ്രാന്റ് വികസനത്തിന് 50 ലക്ഷത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 179 ഉം 2022-23 ൽ 93 ഉം 2023-24 ൽ 156 ഉം തൊഴിൽദിനങ്ങൾ കാപ്പക്സ് നൽകിയിട്ടുണ്ട്. 2024-25 വർഷം ഇതുവരെ 54 തൊഴിൽ ദിനങ്ങൾ നൽകി. കൂടാതെ ഈ സർക്കാർ വന്നതിനു ശേഷം സ്വകാര്യ മേഖലയിൽ തൊഴിലില്ലാതിരുന്ന 250 തൊഴിലാളികളെ കാപ്പെക്സിന്റെ ഫാക്ടറികളിൽ നിയമിക്കുകയുണ്ടായി. തൊഴിലാളികൾക്ക് മുടക്കമില്ലാതെ പി.എഫ്, ഇ.എസ്.ഐ ക്ഷേമനിധി ഉൾപ്പെടെയുള്ള വേതനം, ബോണസ്സ് തുടങ്ങി എല്ലാ ആനുകൂല്യങ്ങളും കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും നൽകി വരുന്നു.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി രൂപീകരിച്ച കശുമാവ് കൃഷി വികസന ഏജൻസി (KSACC) വഴി അത്യുൽപാദനശേഷിയുള്ള മേൽത്തരം കശുമാവ് ഗ്രാഫ്റ്റുകൾ കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി വിവിധ പദ്ധതികളിലൂടെ ടി ഏജൻസി മുഖാന്തിരം നൽകി വരുന്നു.

കശുമാവ് കൃഷി വികസന ഏജൻസിയ്ക്ക് 2021-22 സാമ്പത്തിക വർഷം 495.8 ലക്ഷം രൂപയും 2022-23-ൽ 186.46 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷം 215.49 ലക്ഷം രൂപയും സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 650 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കാഷ്യൂ കോർപ്പറേഷനും കാപ്പക്സിനും ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് 2020-21 മുതൽ നാളിതുവരെയായി 54672.972 മെട്രിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തു നൽകിയിട്ടുണ്ട്. ഇതിനായി 228 കോടി രൂപ സർക്കാർ സഹായം നൽകിയിട്ടുള്ളതും 2024-25 സാമ്പത്തിക വർഷം 40.81 കോടി രൂപ ബജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി രൂപീകരിച്ച മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് കശുവണ്ടി തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമം കൂലി 23% വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി അഞ്ചംഗ വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി, കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാന ത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവന ത്തിനായി 2022-23 ലെ ബജറ്റിൽ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കി.

ഇതിന്റെ ഭാഗമായി സ്വകാര്യ കശുവണ്ടി മേഖലയ്ക്കായി "Scheme for Assistance for Capital grants and Interest Subvention to small and medium Cashew Factory units for rebuilding lost Livelihood" പദ്ധതിക്ക് 700 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം വകയിരുത്തിയതിൽ നിന്നും 220 ലക്ഷം രൂപ വ്യവസായ വാണിജ്യ ഡയറക്ടർക്ക് വിതരണം ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി അനുവദിച്ച 100 ലക്ഷം

| | | | |
|---|---|---|---|
| | | | രൂപയിൽ 43.53 ലക്ഷം രൂപ കൊല്ലം, കാസറഗോഡ്, തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 200 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ Continued Operation Linked Stimulus Programme – 20 കോടി രൂപയും Women friendly Physical Infra creation / upgradation – 5 കോടി രൂപയും, Modernization/Upgradation of Shelling Units – 5 കോടി രൂപയും അനുവദിയ്ക്കണമെന്ന കമ്മിറ്റിയുടെ ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ മേഖലയിൽ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെയും വിശദവിവരം ലഭ്യമാക്കുമോ? | (ബി) | സ്വകാര്യ മേഖലയിലെ ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്ന തിനായി മുൻ സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി **ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല രൂപീകരിക്കുന്നതിന് ബാങ്ക് പ്രതിനിധി, കശുവണ്ടി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി സർക്കാർ രൂപീകരിച്ചിരുന്നു. ബാങ്കുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിവിധ മാർഗ്ഗ നിർദ്ദേശങ്ങൾക്കും നിയമാവലിയ്ക്കും വിധേയമായാണ് പ്രവർത്തിക്കുന്നതെങ്കിലും സർക്കാരിന്റെ നിരന്തര പരിശ്രമത്തിന്റേയും തുടർ ചർച്ചകളുടേയും ഫലമായി One Time Settlement (OTS) സംബന്ധിച്ച് ഒരു ധാരണയിൽ എത്താൻ സാധിക്കുകയും OTS Scheme പ്രഖ്യാപിച്ച് അക്കൗണ്ട് ഹോൾഡർമാർ ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ട തീയതി വിവിധ ഘട്ടങ്ങളിലായി 31/12/2024 വരെയാക്കി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത OTS പദ്ധതി പ്രകാരം 31.03.2021 വരെ NPA ആയതും 10 കോടി വരെയുള്ളതുമായ ലോൺ അക്കൗണ്ടുകൾ OTS പദ്ധതി പ്രകാരം തീർപ്പാക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ